## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1786** **06.07.2015 ന് മറുപടിയ്ക്ക്**

## സ്റ്റേറ്റ് എക്സൈസിൽ നിന്നുമുള്ള വരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എളമരം കരീം :** | | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ബാറുകളുടെ ലൈസൻസ് നൽകാതിരുന്നതുമൂലം സ്റ്റേറ്റ് എക്സൈസിൽ നിന്നുമുള്ള വരുമാനം കുറഞ്ഞുവെന്നത് ശരിയാണോ ; | (എ) | ബാറുകളുടെ ലൈസൻസ് നൽകാതിരുന്നതുമൂലം സ്റ്റേറ്റ് എക്സൈസ് വരുമാനത്തിൽ 163.3 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. |
| (ബി) | 2010-11 ൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുമുള്ള വരുമാനം എത്ര തുകയായിരുന്നു; 2013-14 ൽ അത് എത്രയായി വർദ്ധിച്ചു ; 2014-15 -ൽ എത്രയായി വർദ്ധിച്ചു ; 2015-16 -ലെ ബഡ്ജറ്റിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാന ലക്ഷ്യം എത്ര തുകയാണ്; | (ബി) | 2010-11 ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1704.69 കോടി രൂപയും, 2013-14 ൽ 1931.89 കോടി രൂപയും, 2014-15 ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1778.07 കോടി രൂപയുമാണ്. 2015-16 ലെ ബഡ്ജറ്റിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാന ലക്ഷ്യം 2600.66 കോടി രൂപയാണ്. |
| (സി) | വരുമാനം കുറഞ്ഞുവെന്നത് ശരിയാണെങ്കിൽ ഏതെല്ലാം വർഷത്തിൽ എത്ര തുകയുടെ വരുമാനം കുറവുണ്ടായി എന്നും ഇതിനകം മൊത്തം എത്ര തുകയുടെ കുറവുണ്ടായി എന്നും വെളിപ്പെടുത്താമോ ; | (സി) | സ്റ്റേറ്റ് എക്സൈസ് വരുമാനത്തിൽ കുറവുണ്ടായ സാമ്പത്തിക വർഷങ്ങളിലെ കണക്ക് ചുവടെ ചേർക്കുന്നു. |
| (ഡി) | സർക്കാർ വിൽക്കുന്ന മദ്യം കൂടാതെ അനധികൃതമായി നടക്കുന്ന വിൽപന കൂടി പരിഗണിച്ചാൽ മദ്യ ഉപഭോഗത്തിൽ ഒരു കുറവും ഉണ്ടായിട്ടില്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? | (ഡി) | 2012-13 സാമ്പത്തിക വർഷത്തിനു ശേഷം കെ.എസ്.ബി.സി വഴിയുള്ള മദ്യ വില്പനയിൽ കുറവു വന്നിട്ടുണ്ട്. മദ്യ വില്പന സംബന്ധിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

(സി) ഉത്തരത്തിലെ പട്ടിക:

| വർഷം | തുക (കോടിയിൽ) | മുൻവർഷങ്ങളെ അപേക്ഷിച്ച് ഉണ്ടായ കുറവ് |
|---|---|---|
| 2013-14 | 1931.89 | (-) 317.86 |
| 2014-15 | 1778.07 | (-) 153.82 |

(കേയ്സുകളുടെ എണ്ണം ലക്ഷത്തിൽ)

| വില്പന (കേയ്സുകളിൽ) | 2012-13 | 2013-14 | 2014-15 |
| --- | --- | --- | --- |
| ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം | 244.33 | 240.67 | 220.58 |
| ബിയർ | 101.64 | 107.96 | 95.59 |

മേൽ കണക്കുകൾ പ്രകാരം മദ്യ ഉപഭോഗത്തിൽ കുറവ് വന്നതായി കണക്കാക്കാവുന്നതാണ്. അനധികൃത മദ്യവില്പനയ്ക്കെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സെക്ഷൻ ഓഫീസർ